

# CHURCH VOICE

**C. S. I. MATEER MEMORIAL CHURCH**

Vol. 17 No.06 Newsletter June 2019



**“അന്ത്യകാലത്തു ഞാൻ സകലജഡത്തിന്മേലും**
**എന്റെ ആത്മാവിനെ പകരും”**

**(അപ്പൊ. 2:17)**



## *Teenage Camp Followup Programme*

**Choir Outreach at HMS Thattarakonam on 19-05-2019**





*First Death Anniversary*
**26-06-2019**

**Dr. D. Stanley ME Ph.D**
Rtd. Prof. & HOD-Civil
CET, Trivandrum

**1938 - 2018**

The bond we had with you remains as deep as ever Berived Family

# CHURCH VOICE

17th year of publication

**JUNE 2019**


**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas

Rev. Rohan P.

Rev. N.L. Praveen Raj

Manoj Kumar Ebenezer (Sub Editor)

Dr. Thampi Samraj Y. C.

Stanley Wilson

Dr. Samson Nessiah

Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month


Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Bible Study | 05.30 p.m. |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



ഏറ്റവും നല്ല പുസ്തകം
അമ്മയാണെങ്കിലും
എല്ലാ പുസ്തകങ്ങളും
വായിക്കാൻ വെളിച്ചമായത്
അപ്പനായിരുന്നു.
അപ്പൻ തിന്ന വെയിലുകളും
അമ്മ വിഴുങ്ങിയ
ഗദ്ഗദങ്ങളുമല്ലാതെ

മറ്റെന്താണ് നാം - എന്ന് വായിച്ചത് ഓർക്കുമല്ലോ!ദൈവമാണ് അപ്പൻ. താതനും, ജനകനും, തെളിവോടു കൂടിയവനും, യജമാനനും, ഗുരുവുമാണ് അച്ഛൻ. ജനിപ്പിക്കുക, പഠിപ്പിക്കുക, ചോറുകൊടുത്ത് വളർത്തുക - അതാണ് അച്ഛൻ. രക്ഷിക്കുന്നവൻ പിതാവാണ്. അച്ഛനെ ആദരിക്കാനുള്ള അസുലഭ സന്ദർഭം.

അധികം പരിഭവങ്ങളില്ലാതെ അധികമാരാലും ശ്രദ്ധിക്കപ്പെടാതെ ഒഴുകുന്ന പുഴയാണ് അച്ഛൻ എന്ന് വായിച്ചതോർക്കുന്നു. അവർ ജീവിച്ചിരിക്കുമ്പോൾ ശ്രദ്ധിക്കപ്പെടാതെയും ആദരിക്കപ്പെടാതെയും പോകുന്നു എന്നു തോന്നിയിട്ടുണ്ട്. അർഹിക്കുന്ന ബഹുമാനവും പരിഗണനയും കരുതലും സംരക്ഷണവും അവർക്ക് ലഭ്യമായേ തീരൂ. ദിനരാത്രങ്ങൾ അവർ അദ്ധ്വാനിച്ചു. അപ്പത്തിനായി വിയർപ്പൊഴുക്കി. കുടുംബത്തിന്റെ ശോഭനമായ ഭാവിക്കായി സഞ്ചരിച്ച ദൂരം, ലഭിക്കാമായിരുന്ന സൗഭാഗ്യങ്ങൾ വേണ്ടെന്നു വെച്ച നിമിഷങ്ങൾ, അദ്ധ്വാനിച്ച കരങ്ങൾ. അപ്പന്റെ വിയർപ്പിന്റെ പ്രതിഫലമല്ല കൂലി, വിയർത്തവനുള്ള അപ്പമാണ്; അതാണ് നാമെല്ലാം ഭക്ഷിച്ചത് എന്നും കർമ്മനിരതനായി ഉത്തരവാദിത്വങ്ങൾ നിറവേറ്റിയ, അല്പം അരിശം കാട്ടുമ്പോഴും ഉള്ളിൽ നിറഞ്ഞൊഴുകുന്ന സ്നേഹമുള്ള അപ്പനെ എങ്ങനെ മറക്കും.

യോസേഫ് എന്ന പിതാവ് നീതിമാനായിരുന്നു എന്നു വചനമൊഴി. മറിയ കല്ലെറിയപ്പെടേണ്ടവൾ. മോശയുടെ നിയമപ്രകാരം നീതിക്ക് പുതിയ അർത്ഥവും നിർവ്വചനവും ഭാഷയും നൽകുന്നു യോസേഫ്. പാപിയെ ഇല്ലാതാക്കുന്ന നീതിയുടെ മുന്നിൽ കരുണകൊണ്ട് മായ്ക്കാവുന്ന പാപമാണിത് എന്ന് അവൻ വിധിയെഴുതും. ഷൂസേ സരമാഗൂ എന്ന പോർച്ചുഗീസ് എഴുത്തുകാരൻ ഉറക്കം നഷ്ടപ്പെട്ട യോസേഫിനെ ഓർമ്മിക്കുന്നുണ്ട്. പണി തീർന്നു കൊണ്ടിരിക്കുന്ന ഒരാലയത്തിന്റെ

മോന്തായത്തിലിരുന്നാണ് യോസേഫ് ആ ഗൂഢാലോചന ശ്രദ്ധിച്ചത്- നാളെ ഹേരോദാവ് ശിശുഹത്യ ആരംഭിക്കും. ആ രാത്രിയിൽ അമ്മ യെയും ശിശുവിനെയും കൂട്ടി രക്ഷപ്പെടുന്നു. പിന്നീടൊരിക്കലും യോസേഫ് ഉറങ്ങിയിട്ടില്ലത്രെ. യേസേഫ് എന്തെങ്കിലും സംസാരിച്ചതായി വചനത്തിലില്ല. അവൻ സംസാരിച്ചതു മുഴുവൻ  ദൈവത്തോടാണ് യോസേഫിനോട് സംസാരിച്ചതും ദൈവമാണ്. 'നീതിമാനായ ഒരു മനു ഷ്യൻ, നിശബ്ദതയുടെ മനുഷ്യൻ, ഒന്നിന്റെ മീതെയും ഒരടയാളവും വേണമെന്നു കരുതാതെ പോയ ഒരു മനുഷ്യൻ, മറ്റുള്ളവർക്കു വേണ്ടി ചിന്തിയ മനുഷ്യൻ, വിവാഹബന്ധത്തിന്റെ നിലനിൽപിനുവേണ്ടി ഏതറ്റം വരെയും സഹിക്കാൻ തയ്യാറായ മനുഷ്യൻ' - ബോബി ജോസച്ചൻ യോസേഫിനെ വാഴ്ത്തുന്നു.

പിതൃത്വം നിയോഗമാണ്. ഉത്തരവാദിത്വമാണ്; ദിവ്യമാർഗ്ഗമാണ്. ജീവ ശാസ്ത്രപരമായി അത് കരഗതമാക്കാൻ പ്രയാസമില്ല എന്നു തോന്നു മ്പോഴും ഒരു യഥാർത്ഥ പിതാവാകാൻ കൂടുതൽ ധ്യാനവും പരിശ്രമവും അനിവാര്യം. യേശു ദൈവത്തെ അപ്പാ എന്നു വിളിച്ചു. അങ്ങനെ ഒര പ്പനെ അവൻ ഭൂമിയിൽ അനുഭവിച്ചതു കൊണ്ടാകാം. ആകാശത്തിലെ പറവകൾക്കും കൂലികാർക്കും ഭക്ഷണം നൽകുന്നത് അപ്പനാണ് എന്ന വൻ തിരിച്ചറിഞ്ഞു. അതാണ് അബ്ബാനുഭവം.

എല്ലാ പിതാക്കന്മാർക്കും പിതൃദിനാശംസകൾ

സ്നേഹാശംസകളോടെ,

**ജേക്കബച്ചൻ**



# പ്രതിവാര ധ്യാനം

**ജൂൺ 02 ഞായർ വിദ്യാർത്ഥി ഞായർ**

വിഷയം: **ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭം**

1 രാജാ. 3:3-14, 1 യോഹ. 5:13-21, സങ്കീ. 14, ലൂക്കൊസ് 10:21-24

**ജൂൺ 09 പരിസ്ഥിതി ഞായർ**

വിഷയം: **ദൈവത്തിന്റെ സൃഷ്ടിയെ പരിപോഷിപ്പിക്കുന്നു.**

ഉല്പ. 1:28-31, വെളിപ്പാട് 2:1-5, സങ്കീ. 104:1-23, ലൂക്കൊസ് 1:22-31

**ജൂൺ 16 ത്രിത്വ ഞായർ**

വിഷയം: **ത്രിത്വം സ്നേഹത്തിന്റെ കൂട്ടായ്മ സമൂഹം**

ഉല്പ. 18:1-15, 2 കൊരി. 13:5-14, സങ്കീ 97, മർക്കൊസ് 1:1-11

**ജൂൺ 23 ഞായർ**

വിഷയം: **ആരാധനയിലെ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ**

1 രാജാ. 8:22-30, വെളി. 14:1-7, സങ്കീ. 148, മർക്കൊസ് 3:1-6

**ജൂൺ 30 പെന്തെക്കോസ്തിനുശേഷം മൂന്നാം ഞായർ**

വിഷയം: **ശിഷ്യരാക്കുവിൻ**

1 രാജാ. 19:11-21, റോമർ 16:3-16, സങ്കീ. 34:11-22, യോഹന്നാൻ 1:35-42.

**ഒ**രിക്കൽ ഒരു മനഃശാസ്ത്രജ്ഞ മാനസിക പിരമുറുക്കം എങ്ങനെ കുറയ്ക്കാം എന്നതിനെക്കുറിച്ച് ഒരു ക്ലാസ് എടുക്കുകയായിരുന്നു. ഒരു ഗ്ലാസിൽ പകുതി വെള്ളം എടുത്ത് ഉയർത്തി പിടിച്ചുകൊണ്ട് അവിടെ കൂടിയിരുന്ന വിദ്യാർത്ഥികളോടായി ചോദിച്ചു. “ഈ ഗ്ലാസിലെ വെള്ളത്തിന്റെ ഭാരം എത്രയാണെന്ന് ഊഹിക്കാമോ?” കുട്ടികൾ വിവിധ ഉത്തരങ്ങൾ പറയാൻ തുടങ്ങി. മനഃശാസ്ത്രജ്ഞ പറഞ്ഞു. ഇത് ഒരു സെക്കന്റ് പിടിച്ചിരുന്നാൽ ഭാരം തീരെ ഇല്ലാ എന്ന് നമുക്ക് തോന്നും ഒരു മിനിട്ട് ഗ്ലാസ് പൊക്കിപിടിച്ചിരുന്നാൽ കുറെക്കൂടെ ഭാരം അനുഭവപ്പെടും. ഒരു മണിക്കൂർ പിടിച്ചിരുന്നാലോ? വെള്ളത്തിന്റെ ഭാരം കുറവായിരുന്നാലും നമ്മുടെ കൈയ്ക്ക് വഹിയ്ക്കാനാവാത്ത ഭാരം തോന്നും. കൂടുതൽ സമയമായാൽ കൈ മരവിച്ചു പോകും, ആ ഗ്ലാസ് വഹിക്കാനുള്ള ശക്തി കൈകൾക്കില്ലാതാവും ഗ്ലാസ് താഴെ വീഴും. ഗ്ലാസിലെ വെള്ളത്തിന്റെ ഭാരമല്ല, അത് എത്ര നേരം വഹിയ്ക്കേണ്ടി വരുന്നു അതാണ് ഭാരത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നത്.

നിറഞ്ഞിരുന്നു സദസ് ഇത് നിശബ്ദതയോടെ കേട്ടിരുന്നു. അദ്ദേഹം പറഞ്ഞു “നിങ്ങളുടെ മാനസിക സമ്മർദ്ദവും ദുഃഖങ്ങളും ഈ ഗ്ലാസിലുണ്ടായിരുന്ന വെള്ളത്തിന്റെ ഭാരം പോലെയാണ്” ജീവിതത്തിൽ സംഭവിച്ചു പോയ ദുഃഖങ്ങൾ, തോൽവികൾ, നഷ്ടങ്ങൾ സാരമില്ല എന്നു ചിന്തിച്ച് ഒരു മിനിട്ടിൽ അവയെ മറക്കാൻ ശ്രമിച്ചാൽ അത് ഭാരമായി തീരുകയില്ല. എന്നാൽ അവയെക്കുറിച്ച് ആലോചിച്ച് ദിവസങ്ങൾ, മാസങ്ങൾ വർഷങ്ങൾ നീങ്ങുമ്പോൾ അത് ജീവിതത്തെ ഒരു സ്തംഭന അവസ്ഥയിൽ മാറ്റും. നിമിഷങ്ങൾ കഴിയുന്തോറും അവയിൽ നിന്നും പുതിയ പാഠങ്ങൾ പഠിച്ച് ജീവിതത്തിന്റെ പടവുകൾ കയറുകയാണ് വേണ്ടത്.

പുതിയ ഒരു സ്കൂൾ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കഴിഞ്ഞ വർഷം നാം സ്വപ്നം കണ്ടിരുന്ന കോഴ്സുകൾ പഠിയ്ക്കാൻ കിട്ടിയില്ലായിരിക്കാം, ലഭിച്ച കോഴ്സിൽ ഉദ്ദേശിച്ച രീതിയിൽ നല്ല വിജയം ലഭിച്ചില്ലായിരിക്കാം എന്നാൽ ഈ സമ്മർദ്ദം അധികനേരം മനസിൽ സൂക്ഷിച്ച് നമ്മുടെ ജീവിതം തകർക്കാൻ പാടില്ല. കർത്താവിൽ എപ്പോഴും സന്തോഷിക്കാനാണ് വി. പൗലൊസ് നമ്മെ ഉദ്ബോ

ധിപ്പിക്കുന്നത്.

"നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ" (യാക്കോ. 1:5)

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി 4:6).

"നിന്റെ ഭാരം യഹോവയുടെ മേൽ വച്ചു കൊൾക അവൻ നിന്നെ പുലർത്തും" (സങ്കീ. 55:22).

മാനസിക സമ്മർദ്ദങ്ങൾ എല്ലാവർക്കുമുണ്ട്. അത് കൈകാര്യം ചെയ്യുന്ന രീതിയിലാണ് വ്യത്യാസം . ഓരോ ദിവസവും ദൈവവചനത്താൽ നമ്മുടെ മനസ്സുകൾ നിറയ്ക്കാം ദൈവകരുണയിലും സ്നേഹത്തിലും കരുതലുകൾ കണ്ടെത്താം ജയോത്സവമായി ജീവിയ്ക്കാം

എല്ലാ വിദ്യാർത്ഥികൾക്കും മാനസികസംഘർഷമില്ലാത്ത സന്തോഷപ്രദമായ ഒരു സ്കൂൾ വർഷം ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

**വത്സ ഡി. എസ്.**

## *A Prayer for Students*

**Dear Jesus, here I am** back at school,
not only ready to learn new subjects but to grow
in my love for You. Open my eyes, my ears, and
my heart, to listen and learn from my teachers as
they share the words of Your Gospel and the
teachings of the Church.



Help me to be the best student
and person I can be, reaching out
to others as You did, and giving
good example to all I meet.
Let me receive Your blessing
now and throughout
this school year.
**Amen**

## Secretary's Report



Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

The month of May is very significant to our congregation. The Protestant Christians in the suburbs of Thiruvanthapuram, mostly Tamil speaking were assembled as a congregation at a rented house near Pettah 181 years ago, on May 13th 1838 to worship the Living God. This historical event had happened just because of the sacrificial missionary work of Rev. John Cox, a London Missionary . We as a congregation had remembered this auspicious day on 12th of May 2019 by offering a Thanks giving Worship Service at M M Church. We and our generations should always be grateful to our beloved London Missionaries Rev. William Tobias Ringeltaube, Rev. Charles Mead, Rev. John Cox, Rev. Samuel Mateer, Rev. I H Hacker, Rev. T W Bach, Mr. H T Wills and Rev. Arthur Parker who were instrumental to transform our community from darkness to light and slavery to freedom.

**1. Church Committee Meeting**

In May, regular Church Committee meeting was held on 5th May 2019 Sunday.

**2. Accounts for the month of March 2019**

The receipts and payments for the month of April 2019 is published at page nos.24 to 28 of this issue.

**3. Annual Harvest Festival 2018**

The collections received from annual harvest festival was finalised as Rs.1510738 (Rupees Fifteen Lakh Ten Thousand Seven Hundred and Thirty Eight). Church Committee take this opportunity to thank one and all in our Church, especially the convenor and joint convenors of Annual Harvest festival 2018, all sub organisations and families for making this event a grand success and achieving the targeted collection which is aimed to utilise for TJM Hall renovation. The abstract details of the receipts and expenditure are given below:

## Annual Harvest Festival Accounts -2018

| | | |
|---|---|---|
| **A** | **RECEIPTS** | |
| 1 | DONATIONS | Rs.356995 |
| 2 | BID AMOUNT | Rs.379675 |
| 3 | LUCKY DIP | Rs.220000 |
| 4 | BIRIANI STALL | Rs.53180 |
| | | Rs.1009850 |
| **B** | **FAMILY STALL** | |
| 1 | GEETHA J. THOMAS & ANITHA KUMARI MEMORIAL | Rs.50565 |
| 2 | IMMANUAL HERBERT & FAMILY | Rs.4770 |
| 3 | CHURCHIN BEN & FAMILY | Rs.9570 |
| 4 | JOSHUA & FAMILY | Rs.18930 |
| | | Rs.83835 |
| **C** | **SUB-ORGANISATIONS STALL** | |
| 1 | BCL UNION | Rs.2090 |
| 2 | CEYF | Rs.11310 |
| 3 | SCF | Rs.76025 |
| 4 | MENS FELLOWSHIP | Rs.13650 |
| 5 | CHOIR | Rs.143088 |
| 6 | WOMENS FELLOWSHIP | Rs.38755 |
| 7 | YFF | Rs.49555 |
| 8 | SUNDAY SCHOOL | Rs.22580 |
| | | Rs.357053 |
| **D** | **COMMERCIAL STALLS** | |
| | | Rs.60000 |
| | **Total Receipts** | **Rs.1510738** |
| | **PAYMENTS** | |
| 1 | 20% Levy to Diocese | Rs.302148 |
| 2 | Printing Charges/Stationary/Hall Arrangements | Rs.109483 |
| | | Rs.411631 |
| | **Balance** | **Rs.1099107** |

**4.Retreat by Senior Citizen Fellowship**

Senior Citizen Fellowship of our Church had conducted a Retreat to Kovalam On 17-05-2019. 35 members participated in the retreat which was led by Rev. P.Rohan

**5. Outreach Programme Of M M Church Choir**

M M Church Choir had conducted an Outreach Programme at CSI Thattarakonam HMS Church under the leadership of Mr. T Jaya Kumar Alfred Choir Master.

**6. Circle Prayers**

During the month 21 Circle prayers were conducted.

**7. Marriages**

8 marriages were held at our church during the month of which 7 marriages belong to the members of other CSI Churches.

Our church member Ms. Sangeetha, Family no.2137 was married to Mr.Robin P on 23rd May 2019.

Congratulations!!!

**8. Obituary**

- Mr. Thampy Joseph (family no. 199) called to eternal rest on 18.05.2019 and funeral at M M Church cemetery was held on 19-05-2019.
- Mr. Rajayyan D. (family no. 1463) called to eternal rest on 21.05.2019 and funeral at M M Church cemetery was held on 22-05-2019.
- Prof. Ross Chandran (family no. 181) called to eternal rest on 24.05.2019 and funeral at M M Church cemetery was held on 26-05-2019.

Heartfelt condolences to the bereaved family

**9. Birthday Greetings**

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of May 2019.

May God our father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**

Church Secretary



# യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം

**Fear of the Lord is the beginning of wisdom**

**1 രാജാ 3:3-14, ലൂക്കൊ. 10:21-24**

**റവ. പ്രവീൺരാജ് എൻ. എൽ.**

ഒരു പുതിയ അദ്ധ്യയന വർഷം ആഗതമായിരിക്കുന്നു. ഏറെ പ്രതീക്ഷയോടെ വിദ്യാലയങ്ങളിലേക്ക് മടങ്ങുന്ന ഏവർക്കും പ്രാർത്ഥനാശംസകൾ നേരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം നമ്മുടെ കുഞ്ഞുങ്ങൾ കരസ്ഥമാക്കിയ ഉന്നത വിജയങ്ങൾ സഭയായി നമ്മെ ഏറെ സന്തോഷിപ്പിക്കുന്നു. ഈ വർഷവും ദൈവാശ്രയ ബോധത്തോടെ തങ്ങളുടെ പഠനങ്ങൾ നിർവ്വഹിക്കാൻ ഏവരെയും ദൈവം സഹായിക്കട്ടെ.

പദോൽപ്പത്തി ശാസ്ത്രം അനുസരിച്ച് Education എന്ന വാക്കിന്റെ അർത്ഥം രൂപപ്പെട്ടുവന്നത്, പുറത്ത് കൊണ്ടുവരിക എന്ന് അർത്ഥമുള്ള Educatio എന്ന ലാറ്റിൻ പദത്തിൽ നിന്നാണ്. ബ്രസീലിയൻ educator ഉം Philosopher ഉം ആയ Paulo Freire യുടെ ശ്രദ്ധേയമായ പുസ്തകമാണ് “The Politics of Education” എന്നത്. അതിൽ അദ്ദേഹം പറയുന്നു സാവകാശത്തിൽ വ്യക്തികളിലെ ഓരോരോ അത്ഭുതങ്ങളെ പുറത്ത് കൊണ്ടുവരിക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ധർമ്മം. വിദ്യാഭ്യാസം എന്നത് അറിവിന്റെ ആവർത്തന വിരസത സൃഷ്ടിക്കലല്ല മറിച്ച് അറിവിന്റെ പുനർ നിർമ്മിതിയാണ്.

വിദ്യാഭ്യാസമെന്നത് ഒരാളുടെ മനസിൽ നിക്ഷേപിക്കുന്ന വിവരങ്ങളുടെ അളവല്ല. അത് ഒരു പക്ഷെ ജീവിതകാലം മുഴുവൻ ദഹിക്കാതെ കുഴപ്പങ്ങൾ സൃഷ്ടിക്കും. നമുക്ക് വേണ്ടത് ജീവിതത്തെ നിർമ്മിക്കാനും, മനുഷ്യനെ രൂപപ്പെടുത്താനും, സ്വഭാവത്തെ പടുത്തുയർത്താനും സഹായിക്കുന്ന ആശയങ്ങളുടെ സ്വാംശീകരണമാണ്. വിദ്യാഭ്യാസത്തിന് 3 ലക്ഷ്യങ്ങളാണ് ഉള്ളതെന്ന് Indian reformer ആയിരുന്ന വിനോബ ഭാവെ പറയുന്നു. അവ (a) മനഃസാക്ഷിയെ ഉണർത്തൽ (b) കഴിവുകളുടെ വിനിയോഗം (c) സമൂഹവുമായി ഇണങ്ങിചേർന്ന് അനുരഞ്ജന ഭാവത്തോടെ ജീവിക്കൽ എന്നിവയാണ്.

**1. ഉയരത്തിൽ നിന്നുള്ള ജ്ഞാനത്തിന്റെ അനിവാര്യത തിരിച്ചറിയുക**
**Realize the indispensability of wisdom from above**

അറിവിന്റെ അടിസ്ഥാനവും ആരംഭകനും ദൈവം ആയതിനാൽ ദൈവത്തിന്റെ ജ്ഞാനത്തിന്റെ സഹിത്വം കൂടാതെ പഠന പ്രക്രിയ ശരിയായി വിഭാവന ചെയ്യുന്നതിനോ അതിനായി ഉദ്യമിക്കുന്നതിനോ സാധ്യമല്ല. 1 രാജാ 3-ാം അദ്ധ്യായത്തിൽ നാം വായിക്കുന്ന, ശലോമോൻ ഗിബെയോനിൽ യഹോവയ്ക്ക് യാഗം അർപ്പിച്ചു കഴിഞ്ഞപ്പോൾ യഹോവ അവന് രാത്രി പ്രത്യക്ഷനായി. ഇഷ്ടമുള്ള വരം ചോദിക്കാൻ ആവശ്യപ്പെട്ടപ്പോൾ മറ്റൊന്നും ചിന്തിക്കാതെ ശലോമോൻ പറഞ്ഞു "ഗുണവും, ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്‌വാൻ വിവേകമുള്ളൊരു ഹൃദയം എനിക്ക് തരേണമേ". ഉയരത്തിൽ നിന്നുള്ള ജ്ഞാനത്തിന്റെ അനിവാര്യത ബോദ്ധ്യപ്പെട്ട ശലോമോന് ദൈവം അനുഗ്രഹങ്ങൾ ഏറെ നൽകുന്നു.

മാർട്ടിൻ ലൂഥർകിംഗ് ജൂനിയർ അഭിപ്രായപ്പെടുന്നത്, ശലോമോൻ തന്റെ ജീവിതത്തിന്റെ "Within" എന്താണ് "without" എന്താണ് എന്ന് ബോദ്ധ്യപ്പെട്ടു എന്നാണ്. "without" എന്നത് നമ്മുടെ ത്വക്കിന് പുറത്ത് നാം ധനം എന്ന് കുതുന്നവയാണ്. "Within" എന്നത് നമുക്കുള്ളിൽ കരുതപ്പെടുന്ന ആത്മീക സമ്പത്താണ്. "Solomon succeeded to keep a line of demarcation between his "within" and "without", his life and his livelihood."

നമുക്കും ശലോമോനെ പോലെ നമ്മുടെ പരിമിതികൾ ഉണർന്നുകൊണ്ട് ഉയരത്തിൽ നിന്നുള്ള ജ്ഞാനം നിരന്തരം അന്വേഷിക്കാം. ഈ അന്വേഷണം ലക്ഷ്യം തെറ്റാതെയുള്ള ജീവിതയാത്രക്ക് നമ്മെ പ്രാപ്തരാക്കാം.

**2. ഉയരത്തിൽ നിന്നുള്ള ജ്ഞാനം പുതുമകൾ കണ്ടെത്താനുള്ള ഉത്സാഹം നൽകും. Wisdom from above gives a spirit of innovation**

21-ാം നൂറ്റാണ്ടിലെ നിരക്ഷരൻ ആരാണെന്ന ചോദ്യത്തിന് ആൽവിൻ ടോഫ്ലർ എന്ന വ്യക്തി പറഞ്ഞത് "those who do not learn, unlearn and relearn" ("പഠിക്കുകയും, പഠിച്ചത് പൊളിച്ചെഴുതുകയും വീണ്ടും പഠിക്കുകയും ചെയ്യാത്തവൻ ആണ് നിരക്ഷരൻ")

ലൂക്കൊ. 10:17 മുതലുള്ള വാക്യങ്ങളിൽ കർത്താവ് ശുശ്രൂഷയ്ക്കായി 70 പേരെ അയക്കുന്നു. അവർ മടങ്ങിവന്ന് സന്തോഷത്തോടെ പറഞ്ഞു "കർത്താവെ നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു" അവരുടെ അഭിപ്രായത്തിൽ സന്തോഷമുണ്ട്, ആത്മാഭിമാനമുണ്ട്. എന്നാൽ യേശു പറഞ്ഞു "ഇതിലും വലുത് നിങ്ങൾ കാണും "സാത്താൻ മിന്നൽപോലെ ആകാശത്ത് നിന്ന് വീഴുന്നത് ഞാൻ കണ്ടു.

പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല". ഇപ്പോൾ നിങ്ങൾ ചെയ്യുന്ന ശുശ്രൂഷക്ക് അപ്പുറത്തേക്ക് നിങ്ങൾ സഞ്ചരിക്കേണം.

കഴിഞ്ഞ അദ്ധ്യയന വർഷം നിങ്ങൾ നല്ല മാർക്ക് നേടി, വിജയം നേടി, പക്ഷെ ഈ വർഷം ഇതിനുമപ്പുറത്തേക്ക് സഞ്ചരിക്കേണം. ജീവിതത്തിൽ ഒരിടത്തും നിങ്ങൾ പുരോഗതി ഇല്ലാതെ ഉറഞ്ഞുപോകരുത്. ക്ലാസിൽ നിങ്ങളുടെ അടുത്തിരിക്കുന്ന ആത്മാവിനോട് താരതമ്യപ്പെടുത്തി ഞാൻ മെച്ചപ്പെട്ടു എന്ന് പറയാനല്ല, മറിച്ച് എന്റെ ഏറ്റവും മെച്ചമായത് എനിക്ക് പഠനത്തിൽ നൽകാൻ കഴിഞ്ഞോ എന്നതാകട്ടെ ലക്ഷ്യം.

**3. ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഒരു നവ വിദ്യാർത്ഥിയുടെ ഭാവം നൽകും.**

ശിഷ്യന്മാർ മടങ്ങി വന്ന് പറയുന്നു. "കർത്താവെ നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങി." ഗുരു എന്ന നിലയിൽ തനിക്ക് ഏറെ സന്തോഷം തോന്നിയ നിമിഷമാകും അത്. എന്നാൽ അവരുടെ വാക്കുകളിൽ കർത്താവ് ചില അപകടങ്ങൾ മണത്തു. എന്തോ ഞങ്ങൾ നേടി എന്ന ഒരു നേട്ടത്തിന്റെ അപകട ചിന്ത, ഒരു അഹന്തയുടെ ഗന്ധമുള്ള വാക്കുകൾ. കർത്താവ് പറഞ്ഞു 20-ാം വാക്യം "എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രെ സന്തോഷിപ്പിൻ".

തുടർന്ന് പിതാവിനോട് താൻ അവർ കേൾക്കെ പ്രാർത്ഥിച്ചു 21 -ാം വാക്യം "പിതാവെ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതെ പിതാവേ ഇങ്ങനെ നിനക്ക് പ്രസാദം തോന്നിയല്ലോ" ഈ വാക്കുകൾ ഇവരെ വല്ലാതെ അലിയിച്ചിട്ടുണ്ടാകും. ഒരു പക്ഷെ അവരിൽ അങ്കുരിതമായ അഹന്തയുടെ ചിന്തകൾ ഉടഞ്ഞുപോയിക്കാണും. ദൈവം മറ്റൊന്നുമല്ല നിന്റെ കൃപയാണ് എന്ന് നൂറ് വട്ടം ചിന്തിച്ചുകാണും.

മനുഷ്യർ തങ്ങൾക്ക് ലഭ്യമാകുന്ന അറിവും, പദവിയും തങ്ങളുടെ സ്വകാര്യ അഹങ്കാരമായി കണക്കാക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. പ്രിയ കുഞ്ഞുങ്ങളെ, നിങ്ങൾക്ക് നല്ല വീട്ടിൽ ഉറങ്ങാൻ പറ്റുന്നത്, നല്ല സ്കൂളിൽ പഠിക്കാൻ കഴിയുന്നത്, നല്ല പഠനോപകാരണങ്ങൾ ലഭ്യമാക്കുന്നത് എല്ലാം ദൈവത്തിന്റെ ദയയാണ്. നമുക്ക് പ്രശംസിക്കാൻ, അഹങ്കരിക്കാൻ, അഭിമാനിക്കാൻ ഒന്നുമില്ല. ഓരോ ദിവസവും നാം പറയേണ്ടതുണ്ട് ദൈവമെ നിന്റെ കൃപ, നിന്റെ ദയ അല്ലാതെന്തു. ആമേൻ...

**ലേഖനം**



# ഏറ്റവും നല്ല പുനരുത്ഥാനം

**ബെഞ്ചമിൻ മോസസ്**

**യേ**ശുക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപും സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മാവിന്റെ ആഗമനവും മനുഷ്യജീവിതത്തിന്റെ ഗൗരവത്തെക്കുറിച്ച് യേശു പഠിപ്പിച്ച ഉപദേശങ്ങളെ സംശയരഹിതമായ വിധം ഉറപ്പിച്ചു. മനുഷ്യനെ ദൈവം നിത്യതയ്ക്കായി സൃഷ്ടിച്ചു എന്നു തിരുവചനത്തിൽ കാണുന്നു. ദൈവം സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യന്റെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിയില്ല (സഭാപ്രസംഗി.3:11). അതുകൊണ്ടു തന്നെ മോശെ ഇപ്രകാരം പ്രാർത്ഥിച്ചു: നീ മർത്യനെ പൊടിയിലേക്കു മടങ്ങി ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിചെയ്യുന്നു (സങ്കീർത്തനം 90:3). ഈ വചനത്തിൽ മനുഷ്യന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും നാം കാണുന്നു. പൊടിയിൽ നിന്നും നിർമ്മിച്ച മനുഷ്യശരീരം വീണ്ടും പൊടിയിലേക്കു ചേരുന്നു. എന്നാൽ ഈ ശരീരത്തെ അദ്രവത്വമുള്ള ശരീരമായി വീണ്ടും ദൈവം ഉയിർപ്പിക്കുന്നു. അതാണ് മനുഷ്യപുത്രന്മാരേ തിരികെ വരുവിൻ എന്നും അരുളിചെയ്യുന്നു എന്നതിലൂടെ അർത്ഥമാക്കുന്നത്. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു (എബ്രായർ 9:27). ദൈവം ന്യായം വിധിക്കുന്ന സമയത്തുള്ള നമ്മുടെ ശരീരം മാംസവും രക്തവുമുള്ള ശരീരമല്ല; അമർത്യവും അദ്രവത്വമുള്ള ശരീരവുമായിരിക്കും. ഒരു വിത്തു വിതെച്ചാൽ അതു ചത്തു ഒരു ചെടി ഉണ്ടാകുന്നതുപോലെ മരിച്ചവരുടെ പുനരുത്ഥാനവും സംഭവിക്കുന്നു. ദ്രവിക്കുന്ന ശരീരം നാം അടക്കം ചെയ്യുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നു. എന്നാൽ ദൈവം കൽപ്പിക്കുമ്പോൾ ആ ശരീരം അദ്രവത്വമുള്ളതായി ഉയിർക്കുന്നു. ഈ അദ്രവത്വമുള്ള ശരീരം പിന്നീടൊരിക്കലും നശിക്കു

ന്നില്ല. അതുകൊണ്ട് പൗലൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക: നാം ഓരോരുത്തരും ഈ ദ്രവിച്ചുപോകുന്ന ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്നത് നല്ലതായാലും മോശമായാലും അതിനു തക്കവണ്ണം പ്രതിഫലം പ്രാപിക്കേണ്ടതിനു അദ്രവത്വമുള്ള ശരീരത്തോടെ ക്രിസ്തുവിന്റെ ന്യായസനത്തിനു മുമ്പിൽ വെളപ്പെട്ടുവരും. ആകയാൽ കർത്താവിനെ ഭയപ്പെടേണം എന്ന് അറിഞ്ഞിട്ടു മനുഷ്യരെ സമ്മതിപ്പിക്കുന്നു (2കൊരി.5:10,11).

**എല്ലാവരും ഉയർത്തെഴുന്നേൽക്കും**

ദൈവപുരുഷനായ ദാനിയേലിനു അന്ത്യകാലത്തിന്റെ അവസാനം സംഭവിക്കുന്നതിനെക്കുറിച്ച് ദൈവം വെളിപ്പെടുത്തി. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും (ദാനിയേൽ 12:2). യേശു പറഞ്ഞു: ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു (യോഹ.5:28,29).

**ഒന്നാമത്തെ പുനരുത്ഥാനം**

ഉയിർത്തെഴുന്നേറ്റ കർത്താവ് ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു എന്നു പ്രഖ്യാപിച്ചു (വെളി.20:6). എന്താണ് ഒന്നാമത്തെ പുനരുത്ഥാനത്തിൽ സംഭവിക്കുന്നത്? ക്രിസ്തുവിൽ മരിച്ചവർ അദ്രവത്വമുള്ള ശരീരത്തോടെ ഉയിർത്തെഴുന്നേൽക്കയും ക്രിസ്തുവിൽ ജീവിക്കുന്ന വിശുദ്ധന്മാരുടെ ശരീരം അദ്രവത്വമുള്ളതായി രൂപാന്തരപ്പെടുകയും ചെയ്യും. ഇതെല്ലാം നിമിഷങ്ങൾക്കുള്ളിലാണ് സംഭവിക്കുന്നത്. ഈ പുനരുത്ഥാനത്തിൽ എടുക്കപ്പെടുന്നവർക്കെല്ലാം തേജസ്സോടുകൂടിയ ശരീരമായിരിക്കും ലഭിക്കുന്നത്. ഈ പുനരുത്ഥാനത്തിൽ ഈ ലോകത്തിൽ തിന്മകൾ ചെയ്തവർ ആരായാലും അവർ എടുക്കപ്പെടുകയില്ല (1തെസ്സ.4:15–17). അതുകൊണ്ടാണ് ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു എന്നു യേശു വെളിപ്പെടുത്തിയത്. ഇതാണ് ഏറ്റവും നല്ല ഉയിർത്തെഴുന്നേൽപ്പ്. നിത്യ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കും നിത്യദണ്ഡനത്തിനുമായി ഉയിർത്തെഴുന്നേൽക്കുന്നത് നല്ല ഉയിർത്തെഴുന്നേൽപ്പല്ല. അത് അദ്രവത്വമുള്ള ശരീരത്തിന്റെ നിത്യദണ്ഡനമാണ്.

**നല്ല ശവസംസ്കാര ശുശ്രൂഷയോ? നല്ല ഉയിർത്തെഴുന്നേൽപ്പോ?**

പൊതുവെ വിശ്വാസികൾ ഒരു നല്ല അടക്കശുശ്രൂഷ ആഗ്രഹി

ക്കുന്നു. അതിൽ തെറ്റൊന്നുമില്ല. എന്നാൽ നമ്മിൽ എത്ര പേരാണ് നല്ലൊരു ഉയിർത്തെഴുന്നേൽപ്പ് വേണമെന്ന് ആഗ്രഹിക്കുകയും അതിനായി ഒരുങ്ങുകയും ചെയ്യുന്നത്. നാം എപ്പോൾ എവിടെ വച്ച്, എങ്ങനെ മരിക്കും എന്നു ആർക്കും അറിയില്ല. എന്നാൽ നാം എങ്ങനെ ഉയിർത്തെഴുന്നേൽക്കണം എന്നു നമുക്കു തീരുമാനിക്കുവാൻ കഴിയും. അതാണ് സുവിശേഷത്തിന്റെ സവിശേഷത. അതുകൊണ്ട് പൗലൊസ് അപ്പൊസ്തലൻ സുവിശേഷത്തെ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷം എന്നു വിശേഷിപ്പിച്ചിരിക്കുന്നു (2കൊരി.4:4) യോഹന്നാൻ അപ്പോസ്തലൻ എഴുതിയിരിക്കുന്നതു ശ്രദ്ധിക്കുക: പ്രിയമുള്ളവരേ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു; നാം ഇന്നത് ആകും എന്നു ഇതുവരെ പ്രത്യക്ഷമായിട്ടില്ല അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു (1യോഹ.3:2,3). നാം വിശ്വാസികളാകാനല്ല പ്രത്യുത ദൈവമക്കൾ ആകുവാനാണ് പിതാവായ ദൈവം നമ്മെ ഇത്രമാത്രം സ്നേഹിച്ചത്. ദൈവമക്കൾ വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്ക് നിർമ്മലതയിലേക്ക് വളരേണ്ടതാണ്. ഈ വളർച്ചയിലൂടെ നമ്മുടെ ഉയിർത്തെഴുന്നേൽപ്പ് എങ്ങനെയായിരിക്കും എന്നു തീരുമാനിക്കാം.

പത്രൊസ് അപ്പൊസ്തലൻ എഴുതി: നാം അവന്റെ വാഗ്ദത്ത പ്രകാരം പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു. അതുകൊണ്ടു പ്രിയമുള്ളവരേ, നിങ്ങൾ ഇവയ്ക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവുമില്ലാത്തവരായി സമാധാനത്തോടെ കാൺമാൻ ഉൽസാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ (2പത്രൊ.3:13,14).

നല്ലൊരു ശവസംസ്കാരമല്ല നല്ലൊരു ഉയിർത്തെഴുന്നേൽപ്പായിരിക്കണം നമ്മുടെ തീവ്രമായ ആഗ്രഹം. അതിനായി വിശ്വാസികളായി മാത്രമല്ല വിശുദ്ധരായി നമുക്കു ഈ ദുഷ്ടലോകത്തിൽ, ഈ ദുഷ്കാലത്തിൽ ഈ ദുഷ്ടതലമുറയുടെ നടുവിൽ അനിന്ദ്യരും, പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളുമാകേണ്ടതിനു എല്ലാ കാര്യങ്ങളും പിറുപിറുപ്പും വാദവുമില്ലാതെ ജീവന്റെ വചനമനുസരിച്ചുകൊണ്ട് ജീവിക്കാം. നമ്മുടെ പൂർവ്വീകരായ മിഷണറിമാരും അവരുടെ പ്രവർത്തനത്താൽ സുവിശേഷം വിശ്വസിച്ചവരും വിശുദ്ധിയോടും ദൈവഭയത്തോടും ജീവിച്ചു. അന്നു ദൈവശാസ്ത്രം ഇത്രത്തോളം വളർന്നിരു

ന്നില്ല മാത്രമല്ല, അന്നത്തെ ബഹുഭൂരിപക്ഷ ദൈവശാസ്ത്രജ്ഞന്മാരും വെറും വിശ്വാസികളല്ല അവർ ദൈവമക്കളായിരുന്നു. തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്കാമപ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും. അവർക്കു പൂർവ്വകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു; അവരുടെ നാശം ഉറങ്ങുന്നതുമില്ല (2പത്രോസ് 1:20, 2:1–3). അതുകൊണ്ട് സൂക്ഷ്മതയോടെ ജ്ഞാനികളായി പരിശുദ്ധാത്മ നിറവിൽ നല്ലൊരു ഉയിർത്തെഴുന്നേൽപ്പിനായി ഒരുക്കത്തോടെ ജീവിക്കാം. മറ്റുള്ളവരെ ബുദ്ധിയുപദേശിക്കാം. ❍

---

# SCF Retreat

2019 മെയ് 17–ാം തീയതി SCF ന്റെ റിട്രീറ്റ് വിഴിഞ്ഞം കേന്ദ്രമാക്കി റവ. പി. റോഹൻ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 38 പേർ ഉൾപ്പെട്ട സംഘം 8.45 ന് പള്ളിയങ്കണത്തിൽ നിന്ന് പുറപ്പെട്ടു. 10 മണി മുതൽ വിഴിഞ്ഞത്തെ റെഡ് ഷീൽഡ് ബീച്ച് റിസോർട്ടിൽ റിട്രീറ്റ് ആരംഭിച്ചു. ദൈവത്തിന്റെ പ്രത്യേക കരുതൽ അനുഭവിച്ച നിമിഷങ്ങൾ വിവരിച്ചുകൊണ്ട് ഓരോരുത്തരും പരിചയപ്പെട്ടു. എലീശയുടെ ശിഷ്യന്മാർ എലീശയെ വിളിച്ചുകൊണ്ട് കഠിനമായ ദൗത്യത്തിൽ ഏർപ്പെട്ടതുപോലെ നാമും ധൈര്യത്തോടെ മുന്നേറേണ്ടതാണ് എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് അച്ചൻ ഏവർക്കും ധൈര്യം നല്കുന്ന ഒരു സന്ദേശം നൽകി.

ഉച്ചഭക്ഷണത്തിനുശേഷം വിഴിഞ്ഞം അക്വേറിയം, കോവളം, ഹാർബർ നിർമ്മാണം ഇവ സന്ദർശിച്ചശേഷം 5.30 ന് തിരികെയെത്തി.

എല്ലാവ്യാഴാഴ്ചയും വൈകുന്നേരം 4.30 ന് SCF ന്റെ ആരാധന ആരംഭിക്കും. ഏവർക്കും സ്വാഗതം.

**സെക്രട്ടറി**

# UNFOLDING GOD'S FAITHFULNESS AND AMAZING GRACE

**Dr. Christenson E. Sarasam**

The Congregation Day 2019 of Mateer Memorial Church (which was celebrated on Sunday, 12th May, 2019) is an occasion for our Church to thank God for His unchanging faithfulness, to look back and praise God for the manifold blessings and abundant grace in our faith journey during the last 181 years. The invaluable services and labour of love rendered by choicest men and women who pioneered the congregation as God's ambassadors (erstwhile missionaries, evangelists, fostering fathers and patronizing mothers) during the past eighteen decades are cherished , remembered with innate gratitude and prayers raised to God for their exemplary contributions to the Church.

The history of the Church is the memorable story of God's steadfast intervention, visible and invisible expressions of His majesty, divine deliverance and experiencing the wonder working hand of God in all facets of life. A rich spiritual tradition has set in and an immaculate legacy has been built here for the congregation and their posterity. In fact, our Church is vibrant in the memories of its members than any other earthly spot. The unfailing presence of God was experienced in the most desperate situations and blissful moments of the life of our congregation.

The Church is constantly envisaging several milestones in the journey of life and is stepping into the unknown future of insurmountable challenges, but surely trusting in God's faithfulness. Inspiration and hope in our journey is immensely available to us in the exodus story of the children of Israel. This indeed is a befitting occasion for us to celebrate God's sovereignty, justice and peace because in Him lies the life and life in all its

# 181st Congregational day




























# വിശുദ്ധനാട് സന്ദർശനം


















TAMOUL






MALAYALAM






SCF Retreat


VBS - 2019


2019

fullness. It is time to reach out to the underprivileged and unreached masses hungering and thirsting for our helping hand. We should move beyond our budget and projects in wiping their tears and eradicating their miseries and emancipating and alleviating their sorrows.

Observance of special days calls for revival in our faith life, renewal of spiritual strength and revitalization of our commitment to take up challenging tasks and responsibilities of witness for God and offer service to all people both inside and outside the Church. Reflecting on the solemn missionary zeal of the founding fathers of the Church will surely strengthen us to imbibe the added love, vigor, vitality, joy, happiness, inspiration and enthusiasm to cheerfully continue to shine as a beacon of light for our Saviour and Lord Jesus Christ in the capital city of Trivandrum.

May this eventful occasion keep our memories alive to refresh, reverberate and imbibe the impact of the spiritual, social, moral, educational, medical, economic and all other developmental works carried out by the missionaries of the London Missionary Society. Their sacrificial feats in our region reshaped the life and destiny of our people and community. Down the generations, God's guidance, protection and abiding grace were showered on our people from time to time incessantly. The fire that set ablaze their initiatives visibly and invisibly in the formative days still burns in the belly of our members to uninterruptedly fan the flame of faith and hope for the current and succeeding generations. Let us not stop with destination, but provide them direction !

Living for Christ in a pluralistic society in Trivandrum involves endurance and witness as a kingdom community. Whenever life is abused, denied and diminished, we encounter God's intervention. It is based on the realization of God's love, kindness, justice, peace and freedom. As His redeemed children, we can not keep quiet in the face of victimization, marginalization and indifference. More often we remain silent and indifferent when we are not affected. The faithful in the Church is responsible to

carry the pain in the heart of God for the restoration of His creation and are called and commissioned to implement the plan and purpose of God in our generation.

